**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 850** **24-02-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡിലെ പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡിൽ പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള വ്യവസ്ഥ ദേവസ്വം റിക്രൂട്ട്മെന്റ് റൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലായെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | ഉൾപ്പെടുത്തിയിട്ടില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നകാര്യം പരിശോധിച്ച് വരുന്നു. കൂടാതെ ഏതെങ്കിലും തസ്തികയിൽ  നിയമന ശിപാർശ നടത്തുമ്പോൾ എസ് സി /എസ് റ്റി വിഭാഗക്കാർ ഉൾപ്പെടെ ഏതെങ്കിലും സംവരണ വിഭാഗത്തിന്റെ ഊഴം വരുമ്പോൾ നിയമനം നൽകുന്നതിന് റാങ്ക് ലിസ്റ്റിൽ ആ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലാതെ വന്നാൽ അത്തരം ഒഴിവുകൾ അതേ സംവരണ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നുമാത്രം അപേക്ഷ ക്ഷണിച്ച് (എൻ സി എ വിജ്ഞാപനം )നികത്തുന്നതിനുള്ള വ്യവസ്ഥ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ചട്ടങ്ങളിൽ നിലവിലുണ്ട് ആയതിൻ പ്രകാരം സംവരണസമുദായക്കാരുടെ അഭാവം പരിഹരിക്കുന്നതിനായി പല തസ്തികകളിലും കെ ഡി ആർ ബി, എൻ സി എ വിജ്ഞാപനം നടത്തിയിട്ടുണ്ട് . |
| (ബി) | ദേവസ്വം ബോർഡിൽ പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കേരള പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ? | (ബി) | റിപ്പോർട്ട് ലഭ്യമായിട്ടില്ല |

സെക്ഷൻ ഓഫീസർ